**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **08-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ടൗൺ നവീകരണം, കക്കട്ടിൽ ടൗൺ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി, കക്കട്ടിൽ എന്നീ ടൗണുകളുടെ നവീകരണ പ്രവൃത്തികളുടെ കരാറിലേർപ്പെട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്.<br><br><u>കുറ്റ്യാടി ടൗൺ നവീകരണം</u><br><br>ശ്രീ.റൈസുദ്ധീൻ സി, റിഹാബ് മൻസിൽ, ചെങ്കള, കാസർഗോഡ് കരാറെടുത്ത Improvement works to Kuttiady town provide hand rail and footpath SH38 PUKC road km 43/700 to 44/300, Kuttiady Thotilpalam road km 0/000 to 0/300 and Kuttiady Mullankunnu road 0/000 to 0/350 - Kuttiady LAC എന്ന പ്രവൃത്തിയിൽ ഉടമ്പടി പ്രകാരമുള്ള പുരോഗതി ഇല്ലാത്തതിനാൽ നിരവധി തവണ കരാറുകാരന് കത്ത് നൽകിയിരുന്നു. സൂപ്രണ്ടിങ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രവൃത്തി പെട്ടന്ന് തന്നെ പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകിയെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. തുടർന്ന് ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ചേർന്ന ഓൺലൈൻ മീറ്റിങ്ങിൽ പ്രവൃത്തി 31.10.2022-നുള്ളിൽ ചെയ്യണമെന്ന് കരാറുകാരൻ നിർദ്ദേശം നൽകുകയും ചെയ്തതാണ്. തുടർന്നും പഴയ സ്ഥിതി തുടരുന്നതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽനിന്നും വിട്ടുതൽ ചെയ്ത് പ്രവൃത്തി പുനക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുകയും തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ 02.11.2022-ൽ നൽകിയ ഫൈനൽ നോട്ടീസിന് കരാറുകാരന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് WP(C)35682/22(1) തിയതി 08.11.2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം 45 ദിവസത്തെ തുടർ നടപടി നിർത്തിവെക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേ |

| | | | |
|---|---|---|---|
| | | | പിൻവലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>കക്കട്ടിൽ ടൗൺ നവീകരണം</u><br><br>ശ്രീ.ബി. മുഹമ്മദ് കുഞ്ഞി, ബാവിക്കര, തെക്കിൽ, കാസർഗോഡ് കരാറെടുത്ത Construction of footpath and providing road safety measures at Kakkattil town between km 50/700 to 51/700 of SH38 PUKC Bypass roadഎന്ന പ്രവൃത്തി പുരോഗതി കൈവരിക്കാത്തതിനാൽ കരാറുകാരന് നിരവധി തവണ അറിയിപ്പ് നൽകിയിരുന്നു. എന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി കരാറുകാരനെ പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിങ് എഞ്ചിനീയർ കരാറുകാരന് ഫൈനൽ നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. ഫൈനൽ നോട്ടീസിന് ശേഷം രണ്ടോ മൂന്നോ തൊഴിലാളികളെ വെച്ച് പ്രവൃത്തി പുനരാരംഭിച്ചെങ്കിലും വളരെ മന്ദഗതിയിലായതിനാൽ നിരവധി തവണ കരാറുകാരന് കത്ത് അയക്കുകയും ചെയ്തിരുന്നു. എന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ ഇല്ലാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകീകരിക്കാൻ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ശുപാർശ ചെയ്യുകയും DC9/PRICE/10026/2017 dated 10.11.2022 ഉത്തരവ് പ്രകാരം കരാറുകാരനെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെർമിനേറ്റ് ചെയ്യതുമാണ്. പ്രവൃത്തിയുടെ ബാലൻസ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരത്തിൽ പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർ വീണ്ടും പുതിയ പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന സഹചര്യം ഒഴിവാക്കാൻ സാധിക്കുമോ; വിശദമാക്കുമോ; | (ബി) | ഇത്തരം കരാറുകാരെ കരിമ്പട്ടികയിൽ പെടുത്തുന്നതിനിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്ന കരാറുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്ന കരാറുകാർക്ക് 30.03.2022-ലെ സ.ഉ(കൈ) നം.11/2022/പൊ.മ.വ പ്രകാരം ബോണസ് അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കാവിൽ തീക്കുനി കുറ്റ്യാടി റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | കരാർ പ്രകാരം 29.06.2022-ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ